**ഭരണഭാഷ – മാതൃഭാഷ**

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/10170/2024-L3 (PLA)** തീയതി: **08-01-2025**

**പരിപത്രം**

വിഷയം:- സാങ്കേതികം - വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസവകുപ്പ് - ഈ വകുപ്പിന് കീഴിൽ വരുന്ന സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ കോളേജുകളിൽ വിദ്യാർഥികളുടെ എണ്ണം കൂട്ടുക/കുറയ്ക്കുക, കോഴ്സുകൾ നിർത്തലാക്കുക എന്നിവ സംബന്ധിച്ച് സർക്കാരിൽ നിന്നും നിരാക്ഷേപസാക്ഷ്യപത്രം ലഭിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകൾ അറിയിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ '2025-2026" വർഷത്തേയ്ക്കുള്ള അംഗീകാര പ്രക്രിയയ്ക്കായുള്ള പൊതു അറിയിപ്പ്.
2. 27.10.2019 -ലെ സർക്കാർ ഉത്തരവ് നമ്പർ **GO. (Ms)No.360/2019/HEDN.**

ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷൻ '2025-2026" വർഷത്തേയ്ക്കുള്ള അംഗീകാര പ്രക്രിയയ്ക്കായുള്ള പൊതു അറിയിപ്പ് പ്രകാരം സംസ്ഥാനത്തെ സ്വകാര്യസ്വാശ്രയ കോളേജുകളുടെ 2025-2026 വർഷത്തേക്കുള്ള അംഗീകാരം വിപുലീകരിക്കുന്നത് ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി സൂചന (1) പ്രകാരം AICTE അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ കോളേജുകളിലെ വിദ്യാർഥികളുടെ എണ്ണം കൂട്ടുക/കുറയ്ക്കുക, കോഴ്സുകൾ നിർത്തലാക്കുക എന്നിവ സംബന്ധിച്ച് സർക്കാരിൽ നിന്നും നിരാക്ഷേപസാക്ഷ്യപത്രം (NOC) ലഭിക്കുന്നതിന് ചുവടെ പറയുന്ന രേഖകൾ സമർപ്പിക്കുന്നതിന് അറിയിക്കുന്നു.

**I. കോഴ്സുകൾ നിർത്തലാക്കുന്നതിന്**

1. സത്യവാങ്മൂലം 1,2
2. ലെറ്റർ ഓഫ് അണ്ടർടേക്കിംഗ്
3. സർവകലാശാല അഫിലിയേഷൻ ഉത്തരവ്

4.സർവകലാശാലയിൽ നിന്നും പ്രസ്തുത കോഴ്സ് നിർത്തലാക്കുന്നതിലേയ്ക്ക് ലഭിച്ച നിരാക്ഷേപസാക്ഷ്യപത്രം (NOC)
5. AICTE അംഗീകാരം
6. ട്രസ്റ്റിൻറെ പ്രമേയം
7. പ്രോസസ്സിംഗ് ഫീസ് : 31,500/-

**<u>II. വിദ്യാർഥികളുടെ എണ്ണം കൂട്ടുന്നതിന്/കുറയ്ക്കുന്നതിന് സമർപ്പിക്കേണ്ട രേഖകൾ</u>**

1. സത്യവാങ്മൂലം 1 & 2
2. ലെറ്റർ ഓഫ് അണ്ടർടേക്കിംഗ്
3. സർവകലാശാല അഫിലിയേഷൻ ഉത്തരവ് (2023-2024)
4.സർവകലാശാലയിൽ നിന്നും പ്രസ്തുത കോഴ്സ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച നിരാക്ഷേപസാക്ഷ്യപത്രം (NOC)
5. AICTE അംഗീകാരം (2023-2024)
6. ട്രസ്റ്റിൻറെ പ്രമേയം
7. പ്രോസസ്സിംഗ് ഫീസ് : 31,500/-

**SHALIJ P R**
**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്വകാര്യ സ്വാശ്രയ സ്ഥാപനമേധാവികൾക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

Signed by
Shalij P R
Date: 08-01-2025 22:18:17